● ലേഖനം

ഹമീദ് വാണിമേൽ

# മഅ്ദനിയും മാറിയ രാഷ്ട്രീയ സാഹചര്യവും

**ഒമ്പതര** വർഷത്തെ കാരാഗൃഹ ജീവിതത്തിനു ശേഷം പുറത്തുവന്ന അബ്ദുന്നാസിർ മഅ്ദനിക്ക് കേരളീയ സമൂഹം നൽകിയ ഊഷ്മളമായ വരവേൽപിന്റെ അലയൊലികൾ ഇനിയും അവസാനിച്ചിട്ടില്ല. തിരുവനന്തപുരം ശംഖുമുഖത്തെ സ്വീകരണത്തിലും ജന്മനാട്ടിൽ അദ്ദേഹത്തിനൊരുക്കിയ വരവേൽപിലും അനേകായിരങ്ങൾ തടിച്ചുകൂടി. നീതിനിഷേധത്തിനും മനുഷ്യാവകാശ ലംഘനത്തിനുമെതിരെയുള്ള പ്രതിഷേധാഗ്നി മാത്രമല്ല ഇതിനു കാരണം. അണികളുടെ അനന്യസാധാരണമായ ആത്മബന്ധത്തിന്റെ പ്രകടനം കൂടിയായിരുന്നു ഈ വൻ സ്വീകരണങ്ങൾ. ജയിലിൽ പീഡനങ്ങളേറ്റുവാങ്ങുന്ന മഅ്ദനിയെ ഉൾക്കൊള്ളാൻ കഴിയാത്ത ദൃശ്യ-പ്രിന്റ് മീഡിയ ആഗസ്റ്റ് ഒന്നു മുതൽ മഅ്ദനി മോചനം ശരിക്കും കൊണ്ടാടുകയായിരുന്നു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ നീതിനിഷേധത്തിന്റെ ഒരിക്കലും മറക്കാനാവാത്ത സംഭവമാണ് പതിറ്റാണ്ടു നീണ്ട അദ്ദേഹത്തിന്റെ ജയിൽവാസം. ജയിൽ ജീവിതത്തിലൂടെ ആർജിച്ച കരുത്തും ഇച്ഛാശക്തിയും സ്വന്തം ജീവിതത്തിലും സാമൂഹിക ഇടപെടലിന്റെ ശൈലിയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചുവെന്ന് അദ്ദേഹം തന്നെ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നു. മഅ്ദനിയുടെ ജയിൽ മോചനത്തോടെ നടക്കുന്ന ചർച്ചകളിൽ ഏറ്റവും പ്രസക്തമായ ചോദ്യം അദ്ദേഹത്തിന്റെ രാഷ്ട്രീയ ഇടപെടലിന്റെ അടുത്ത ഘട്ടം എന്താണ് എന്നതാണ്. മീഡിയാ ചർച്ചകളിലും പൊതുജന വർത്തമാനങ്ങളിലും അടുത്ത ചുവടുവെപ്പിനെക്കുറിച്ചുള്ള ഊഹങ്ങളും കണ്ടെത്തലുകളും പ്രചരിക്കാനും തുടങ്ങിയിട്ടുണ്ട്. മഅ്ദനി അദ്ദേഹത്തിന്റെ രാഷ്ട്രീയ ഇടപെടലിന്റെ ഇടം കൃത്യമായി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും ശക്തമായ രാഷ്ട്രീയ മുന്നേറ്റത്തിനും അതിന് അനുയോജ്യമായ ശൈലീമാറ്റത്തിനും അദ്ദേഹം തയാറാകുമെന്നാണ് സൂചനകൾ.

പി.ഡി.പി നയരൂപീകരണ സമിതി ചെയർമാന്റെ ലേഖനത്തിൽ ഇതിന് അടിവരയിടുന്ന വരികളും കാണാം: "മഅ്ദനിയെന്ന വ്യക്തിയുടെ ശീതളച്ഛായയിൽ പരിലസിക്കുന്ന നേതൃത്വത്തെയും അണികളെയും മഅ്ദനിയെന്ന ആശയത്തിന്റെ ചൂടേറ്റ് വളരുന്ന പുതിയ രാഷ്ട്രീയ പ്രവർത്തന ശൈലിയിലേക്ക് വഴിതിരിച്ചുവിടുകയെന്ന വെല്ലുവിളിയാണ് ജയിൽമോചിതനായ മഅ്ദനിയെ കാത്തിരിക്കുന്നത്. ഇത് പി.ഡി.പിയുടെ സംഘടനാ വളർച്ചയുടെ മാത്രം പ്രശ്നമല്ല. ജയിലിൽ കഴിഞ്ഞ സുദീർഘമായ ഒമ്പതര വർഷക്കാലത്തിനിടക്ക് കേരള ജനതക്കും മഅ്ദനിക്കുമിടയിൽ സ്ഥാപിക്കപ്പെട്ട മാനുഷിക ബന്ധത്തെ രാഷ്ട്രീയവൽക്കരിക്കുന്ന പ്രശ്നം കൂടിയാണ്" (*മാധ്യമം* ദിനപത്രം ആഗസ്റ്റ് 3). സാമൂഹിക ഇടപെടലിന് സ്വന്തമായ പരിസരം രൂപപ്പെടുത്താനുള്ള ഈ മാനസികാവസ്ഥ മഅ്ദനിയിൽ ശക്തമാണെന്ന വസ്തുത അറിഞ്ഞുകൊണ്ടുള്ള നിരീക്ഷണങ്ങളാണിത്. മഅ്ദനിയുടെ രാഷ്ട്രീയത്തിന്റെ മൂന്നാംഘട്ടത്തിലേക്കുള്ള വികാസമായി ഇതിനെ കാണാവുന്നതാണ്.

ഇന്ത്യൻ ന്യൂനപക്ഷത്തിന്റെ അവകാശ സംരക്ഷണം മുഖ്യ ലക്ഷ്യമാക്കി ഫാഷിസ്റ്റ്‌വിരുദ്ധ മുന്നേറ്റത്തിന് ശക്തി പകരാനുള്ള അദ്ദേഹത്തിന്റെ ആലോചനയിൽനിന്നാണ് ഐ.എസ്.എസ് രൂപംകൊള്ളുന്നത്. ഇന്ത്യൻ സാഹചര്യവും കേരളത്തിലെ പ്രത്യേകമായ സാമുദായിക അന്തരീക്ഷവും രൂപപ്പെടുത്തിയ ഒരു സംഘടന. 1992 ഡിസംബർ 11-ന് ഐ.എസ്.എസ് പിരിച്ചുവിട്ടുകൊണ്ട് 1993 ഏപ്രിൽ 14-ന് പി.ഡി.പി രൂപീകരിച്ചതിലൂടെ അദ്ദേഹം ലക്ഷ്യമാക്കിയത് അവർണ-ന്യൂനപക്ഷ കൂട്ടായ്മയും അവരുടെ രാഷ്ട്രീയ മുന്നേറ്റവുമായിരുന്നു. ജനാധിപത്യ പൗരാവകാശബോധം ശക്തിപ്പെടുത്തി രാഷ്ട്രീയശക്തി നേടാനാണ് അദ്ദേഹം ശ്രമിച്ചത്. എന്നാൽ ജയിൽമോചിതനായ ശേഷം, സവർണ-അവർണ വിഭജനങ്ങൾ പോലും അവസാനിപ്പിച്ച് മനുഷ്യാവകാശത്തിന്റെയും മാനവിക നീതിബോധത്തിന്റെയും ഉയരങ്ങളിലേക്ക് തന്റെ വീക്ഷണങ്ങളെ കൊണ്ടുപോകാനും വിവേകപൂർണമായ ശൈലി സ്വന്തമാക്കാനുമുള്ള ആഹ്വാനമാണ് അദ്ദേഹത്തിൽനിന്ന് കേരളം കേൾക്കുന്നത്. നിലപാടിലെ ഉറപ്പില്ലായ്മയായല്ല, വീക്ഷണ വികാസമായാണ് ഇതിനെ കാണേണ്ടത്.

പുതിയ ലോകസാഹചര്യവും അതിന്റെ ഭാഗമായി രാജ്യവും രാജ്യനിവാസികളും നേരിടുന്ന വെല്ലുവിളികളും

കണക്കിലെടുക്കാതെ പി.ഡി.പിക്ക് എന്നല്ല ഒരു രാഷ്ട്രീയ സംഘടനക്കും മുന്നോട്ടുപോകാൻ സാധ്യമല്ല. മുതലാളിത്തവിരുദ്ധതയിൽ ജന്മംകൊണ്ട കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ പോലും സാമ്രാജ്യത്വ ഉപകരണങ്ങളായി മാറിക്കൊണ്ടിരിക്കുന്നതാണ് സമകാലിക സാഹചര്യം. സാമ്രാജ്യത്വ അജണ്ടയായ സാമ്പത്തിക പരിഷ്കരണങ്ങൾ യാതൊരു മടിയും കൂടാതെ ഏറ്റുവാങ്ങി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. മർദിതരുടെ വിമോചന വിളിയാളങ്ങൾ കേൾക്കാനുള്ള കാതുകൾ ഇവിടെയുണ്ടാകണം. സാമ്രാജ്യത്വ അധിനിവേശം സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽ സൃഷ്ടിച്ച മാരകമായ മുറിവുകളുണക്കാനും അതിനെ പ്രതിരോധിക്കാനുമുള്ള ശക്തമായ ഒരു ബദൽ അനിവാര്യമാണ്. പണമുള്ളവന് ജീവിതാസ്വാദനവും പാവപ്പെട്ടവന് നിത്യദുരിതവും സംഭാവന ചെയ്യുന്ന വ്യവസ്ഥയോട് പടവെട്ടാതെ മുന്നോട്ടു നീങ്ങാൻ സാധ്യമല്ല. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ വെള്ളവും വെളിച്ചവും ഭക്ഷണവും ചികിത്സയും പാർപ്പിടവും വിദ്യാഭ്യാസവുമെല്ലാം പാവപ്പെട്ടവന് അന്യമാവുകയും അതിന് ശക്തിപകരുന്ന പുതിയ പദ്ധതികൾ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം അവഗണിച്ചുള്ള ഒരു രാഷ്ട്രീയ പ്രവർത്തനം ഇനി അസാധ്യമാണ്. മഅ്ദനിയെന്ന പണ്ഡിതൻ വിശുദ്ധ വേദഗ്രന്ഥത്തിലൂടെ നേടിയ മാനവിക കാഴ്ചപ്പാടും മാറിയ സാഹചര്യത്തെക്കുറിച്ചുള്ള അവധാനപൂർണമായ അറിവും വിവേകപൂർണമായ മുന്നൊരുക്കവും ചേർത്തുവെച്ച് നടത്തുന്ന രാഷ്ട്രീയ പ്രവർത്തനത്തിന് സാമ്രാജ്യത്വവിരുദ്ധ സമര പോരാട്ടത്തിന്റെ ചേരുവകൂടി നൽകിയാൽ സംഭവിക്കുന്ന സാമൂഹികമാറ്റം വളരെ വലുതായിരിക്കും. ഭദ്രമായ സംഘടനാ സംവിധാനവും മാനവികതയിലൂന്നിയ പ്രത്യയശാസ്ത്ര കാഴ്ചപ്പാടുകളും ആസൂത്രിതമായ പരിപാടികളുമാണ് ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വിജയരഹസ്യം.

അൻവാറുശ്ശേരിയിലെ സ്വീകരണത്തിൽ തടിച്ചുകൂടിയ വൻ ജനാവലിയെ സാക്ഷിനിർത്തി മഅ്ദനി നടത്തിയ പ്രഖ്യാപനം ശ്രദ്ധേയമായിരുന്നു: “യുവാക്കളേ നിങ്ങൾ വികാരത്തിന് അടിപ്പെടരുത്, വിവേകമാണ് ഏറ്റവും നല്ല വഴി. ധാർമിക മൂല്യങ്ങളുടെ മാതൃകകളാകണം നിങ്ങൾ. അർധ മുസ്‌ലിമിനെയല്ല ഇന്ന് നമുക്കാവശ്യം, പൂർണ മുസ്‌ലിമിനെയാണ്. ജീവിതം ഇസ്‌ലാമിക മൂല്യങ്ങൾകൊണ്ട് ക്രമപ്പെടുത്തണം. നമ്മുടെ സംസ്കാരം ഉന്നതമാകണം”.

തന്റെ കൂടെയുള്ള അനുയായികൾക്ക് മാർഗദർശനം നൽകാനും നന്മയുടെ വഴിയിലൂടെ അവരെ നടത്താനും അദ്ദേഹം അതിയായി ആഗ്രഹിക്കുന്നു. മുമ്പും അദ്ദേഹത്തിന്റെ മനസ്സിൽ ഇത് സജീവ വിഷയമായിരുന്നു. പക്ഷേ അതിന് വ്യക്തമായ കർമപരിപാടികൾ ആവിഷ്കരിക്കാനോ പ്രായോഗിക പാഠശാല രൂപപ്പെടുത്താനോ അദ്ദേഹത്തിന് സാധിച്ചില്ല.

അണികളുടെ ആത്മസംസ്കരണത്തിന് അടിയന്തര പരിഗണന അദ്ദേഹം നൽകുമെന്ന് പ്രതീക്ഷിക്കാം. ശംഖുമുഖത്തെ സ്വീകരണവേദി നേതാക്കളെക്കൊണ്ട് നിറഞ്ഞപ്പോൾ സദസ്സിലേക്ക് ഇറങ്ങിയ ഈയുള്ളവന്, ബാരിക്കേഡ് പൊട്ടിച്ച് സകല അച്ചടക്ക മര്യാദകളും തകർത്ത് ഒച്ചവെക്കുന്ന യുവാക്കളുടെ നടുവിൽപെട്ടപ്പോഴാണ് മഅ്ദനിയെന്ന നേതാവിന് അനുയായികളുടെ മേലുള്ള ഭാരിച്ച ഉത്തരവാദിത്വത്തെക്കുറിച്ച് ഓർത്തുപോയത്.

എന്നാൽ അൻവാറുശ്ശേരിയിലെ വിശാല മൈതാനത്ത് അനേകായിരങ്ങൾ തടിച്ചുകൂടിയപ്പോൾ അതിന് നേതൃത്വം നൽകിയ അദ്ദേഹത്തിന്റെ സ്ഥാപനത്തിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും സംസ്കാരവും പെരുമാറ്റവും ആ പരിപാടിയെ അച്ചടക്കപൂർണമാക്കിയ രംഗം ഏറെ പ്രതീക്ഷ നൽകുകയും ചെയ്തു.

അകവും പുറവും ആദർശത്താൽ ബന്ധിതമായ സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു പ്രവർത്തന രൂപരേഖയുമായി മഅ്ദനി ഇറങ്ങിത്തിരിച്ചാൽ കേരളീയ സമൂഹത്തിൽ അത് സ്വീകരിക്കപ്പെടുക തന്നെ ചെയ്യും. ഇടതു-വലതു പക്ഷങ്ങളുടെ അഴിമതിയും സാംസ്കാരിക ജീർണതയും ദുർഗന്ധം വമിക്കുന്ന കേരള രാഷ്ട്രീയ ഭൂമികയിൽ ഒരു പുതിയ വെളിച്ചം പ്രത്യക്ഷപ്പെടണം. അതെവിടെയെന്ന് അന്വേഷിക്കുകയാണ് ജനങ്ങൾ. അതിനുകൂടി പരിഹാരം നിർദേശിക്കുന്ന ഒരു ധാർമിക ബദലാണ് ഉണ്ടാവേണ്ടത്. തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിനപ്പുറം ഒരു പുതിയ രാഷ്ട്രീയം തന്നെയാണ് ഇവിടെ പിറവിയെടുക്കേണ്ടത്. അക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്നിടത്താണ് പി.ഡി.പിയുടെ ഭാവി. സ്വന്തം ആദർശാടിത്തറയും രാഷ്ട്രീയ മൂല്യങ്ങളും കൈവിടാതെത്തന്നെ മനുഷ്യപക്ഷത്തുനിന്നുകൊണ്ട് പൊതുതാൽപര്യം മുമ്പിൽ വെച്ച് ആരെ തുണക്കണം, തുണക്കാതിരിക്കണം എന്ന താരതമ്യ പഠനത്തിൽനിന്നാണ് തെരഞ്ഞെടുപ്പ്/കക്ഷി രാഷ്ട്രീയത്തോടുള്ള സമീപനം രൂപപ്പെടേണ്ടത്. അതേസമയം, ന്യൂനപക്ഷ-പിന്നാക്ക- പീഡിത സമൂഹത്തിന്റെ അവകാശ പോരാട്ടത്തെ സാമുദായിക-ജാതി പരിഗണനക്കപ്പുറം മാനുഷിക പ്രശ്നങ്ങളായി ഉയർത്തിക്കൊണ്ടുവരലും ഈ രാഷ്ട്രീയ നീക്കത്തിന്റെ മുഖ്യ ഉള്ളടക്കങ്ങളിലൊന്നാവണം.

ബഹുസ്വര സമൂഹത്തിന് ഇണങ്ങുന്നതും സ്വന്തം സംസ്കാരം ഉയർത്തിപ്പിടിക്കുന്നതുമായ രാഷ്ട്രീയ പരീക്ഷണം പരാജയപ്പെടുകയില്ല. അനുസരണശീലമുള്ള ഒരു അനുയായിവൃന്ദം പി.ഡി.പിയെന്ന കൊച്ചു പാർട്ടിക്കുണ്ട്. ഏറ്റവും ചെറിയ പ്രശ്നങ്ങൾ വരെ മഅ്ദനി തന്നെ കൈകാര്യം ചെയ്തിരുന്ന വ്യക്തികേന്ദ്രിതമായ പാർട്ടിയായിരുന്ന പി.ഡി.പിക്ക് ഒമ്പതര വർഷം സ്വന്തം നേതാവിന്റെ അസാന്നിധ്യത്തിലും പിടിച്ചുനിൽക്കാൻ കഴിഞ്ഞു. തീവ്ര സാമുദായികതയെ പ്രതിനിധീകരിക്കുന്നവർ കാടിളക്കിയപ്പോഴും ഇടറാതെ നിൽക്കാൻ അദ്ദേഹത്തിന്റെ അനുയായികൾക്ക് സാധിച്ചതും ശ്രദ്ധേയമാണ്. അനുയായികളുടെ സമർപ്പണ മനസ്സാണ് അദ്ദേഹത്തിന്റെ പ്രധാന ശക്തി. ശക്തമായ ആദർശവും വ്യവസ്ഥാപിതമായ കർമപരിപാടികളും ധാർമികമായി സംസ്കരിക്കപ്പെട്ട അനുയായികളും ഉൾച്ചേർന്ന ഒരു മുന്നേറ്റം മഅ്ദനിയിൽ നിന്ന് കേരളീയ സമൂഹം പ്രതീക്ഷിക്കുന്നു. ■